**ഏലിയ-ശ്ലീവാ-മൂശാക്കാലം  അഞ്ചാം ഞായർ - 2016 സെപ്തംബർ 18**

(മത്താ. 17: 14-21)

**വചനസന്ദേശം: റവ. ഫാ. ജെറി ഞാളിയത്ത്**

വിമാനത്തിൽ നിറയെ ഒരു എഞ്ചിനീയറിംഗ് കോളജിലെ അദ്ധ്യാപകരാണ്. എഞ്ചിൻ സ്റ്റാർട്ട് ആക്കുന്നതിനു മുമ്പ് അനൗൺസ്മെന്റ്: യാത്രക്കാരായ അദ്ധ്യാപകരുടെ വിദ്യാർത്ഥികൾ നിർമ്മിച്ച വിമാനത്തിന്റെ ആദ്യ പറക്കലാണിത്. ഒരു പ്രൊഫസർ ഒഴികെ മറ്റെല്ലാ അദ്ധ്യാപകരും വിമാനത്തിൽ നിന്നിറങ്ങി ഓടി രക്ഷപ്പെട്ടു. തന്നെ അഭിനന്ദിക്കാനെത്തിയവരോട് പ്രൊഫസർ: എന്റെ വിദ്യാർത്ഥികളാണ് ഈ വിമാനം നിർമ്മിച്ചതെങ്കിൽ, പറക്കാൻ പോയിട്ട്, ഇതിന്റെ എഞ്ചിൻ പോലും സ്റ്റാർട്ട് ആവില്ലെന്ന് എനിക്കുറപ്പുണ്ട്!

ഏതാണ്ട് ഈ അവസ്ഥയിലാണ് യേശുവും ഇന്നത്തെ സുവിശേഷത്തിൽ. ഏറ്റവും പ്രഗത്ഭനായ ഗുരുവിനെ കിട്ടിയിട്ടും പഠിച്ചതൊന്നും ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കാനറിയാത്ത തന്റെ ശിഷ്യരോട് വിശ്വാസത്തെപ്പറ്റി അല്പം സ്വരമുയർത്തി സംസാരിക്കുന്ന യേശുവാണ് ഇന്നത്തെ സുവിശേഷത്തിൽ. യേശുവിന്റെ ആശങ്കയ്ക്കു പിന്നിൽ കാരണമുണ്ട് - ശിഷ്യരെ വിട്ട് താൻ പിതാവിനടുത്തേക്ക് പോകുമ്പോൾ ക്രൈസ്തവസമൂഹത്തെ മുന്നോട്ടു നയിക്കാനുള്ള എഞ്ചിൻ ആയാണ് യേശു ശിഷ്യർക്ക് വിശ്വാസം പകർന്നും പഠിപ്പിച്ചും കൊടുത്തത്. തനിക്കു പോകാനുള്ള സമയം അടുത്തുവന്നിട്ടും, വിശ്വാസം ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കുന്ന കാര്യത്തിൽ തന്റെ ശിഷ്യന്മാർ വേണ്ടത്ര പ്രാഗത്ഭ്യം നേടിയിട്ടില്ല.

ക്രൈസ്തവവിശ്വാസം തലമുറകൾ കൈമാറി നമുക്കും ലഭിച്ചിട്ടുണ്ട്. എന്നാൽ വിശ്വാസത്തെ ദൈനംദിനജീവിതത്തിലെ മാർഗ്ഗനിർദ്ദേശിയായി വളർത്തിയെടുക്കുന്നതിൽ, ഇന്നത്തെ സുവിശേഷത്തിലെ ശിഷ്യന്മാരെ പോലെ, വേണ്ടത്ര വിജയം നേടാനായിട്ടില്ല നമ്മളിൽ പലർക്കും. ചില കാരണങ്ങളിലേക്കും പ്രതിവിധികളിലേക്കും മാത്രം കണ്ണോടിക്കാം.

വിശ്വാസം പലപ്പോഴും നമുക്ക് ഒരു അലങ്കാരമാണ്! ഇടവക തിരുനാളും കൂദാശകളും വിശ്വാസം ആഴപ്പെടാനുള്ള വേദികളാണെന്നിരിക്കെ അവ പ്രധാനമായും കുറെ പേരെ വിളിച്ച് ഭക്ഷണവും വേറെ ചിലതും കൊടുക്കാനുള്ള ഒരു ഏർപ്പാടായി നമ്മുടെ ജീവിതങ്ങൾ മാറുന്നുണ്ടെങ്കിൽ വിശ്വാസം നമുക്ക് ഒരു അലങ്കാരം മാത്രമാണ്. അലങ്കാരങ്ങളെക്കാൾ ഇവയുടെ അന്തഃസത്തയ്ക്ക് പ്രാധാന്യം കൊടുക്കുമ്പോഴാണ് വിശ്വാസം നമ്മുടെ ജീവിതങ്ങളിലും കുടുംബങ്ങളിലും സമൂഹത്തിലും ആഴപ്പെടുക.

വിശ്വാസം, അതല്ലേ എല്ലാം എന്നത് നമുക്ക് സുപരിചിതമായ വാചകമാണെങ്കിലും ആരിലുള്ള വിശ്വാസത്തെപ്പറ്റിയാണ്, എങ്ങനെയുള്ള വിശ്വാസത്തെപ്പറ്റിയാണ് എന്ന് ചോദ്യം വന്നാൽ പണിയാവും. നമ്മുടെ സഭയുടെ വിശ്വാസപരിശീലന വേദികൾ പൊതുവെ മികവുറ്റതാണെന്നാണ് പൊതുധാരണ. ഇവിടങ്ങളിൽ നിന്ന് വിശ്വാസം മനസ്സിലാക്കി പുറത്തിറങ്ങുന്ന കുട്ടികൾ, ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ വിശ്വാസം പ്രയോഗിക്കാനാവാതെ, ചിലപ്പോൾ വിശ്വാസം തന്നെ ഇട്ടെറിഞ്ഞ് പോകുമ്പോൾ നാം ചിന്തിക്കേണ്ട കാര്യം ഇതാണ് - ഞായറാഴ്ച രണ്ടു മണിക്കൂർ മാത്രം നീളുന്ന വിശ്വാസപരിശീലനത്തിന്റെ തുടർച്ച കുടുംബങ്ങളിൽ എത്രമാത്രം ഉണ്ട്. ആത്യന്തികമായി, ഏറ്റവും പ്രധാനപ്പെട്ട വിശ്വാസ പരിശീലനവേദി കുടുംബവും, അദ്ധ്യാപകർ മാതാപിതാക്കളും തന്നെയാണ്. മാതാപിതാക്കൾ വിശ്വാസമുള്ളവരായതുകൊണ്ടു മാത്രം വിശ്വാസികളായി ജീവിക്കുന്ന മക്കൾക്ക്, വിശ്വാസം ചിലരുടെ ട്രെയിൻ യാത്രപോലെയാണ് - ടിക്കറ്റ് എടുത്ത് ട്രെയിൻ തെറ്റിയിട്ടില്ലെന്നുറപ്പിച്ച് അതിൽ കയറിയാൽ പിന്നെ ഒറ്റ ഉറക്കമാണ്. ഉറങ്ങി

ത്തീർക്കുന്ന വിശ്വാസം! വിശ്വാസത്തെ ജീവിതവുമായി ബന്ധപ്പെടുത്താനോ, ആഴപ്പെടുത്താനോ താത്പര്യപ്പെടാത്ത ജീവിതശൈലി. ഇങ്ങനെയുള്ള മക്കളാണ് പ്രതിസന്ധികൾ വരുമ്പോൾ "തീയിലും വെള്ളത്തിലും വീഴുന്നവർ." നമുക്ക് വേണ്ട വിശ്വാസം കാർ റാലിയിൽ പങ്കെടുക്കുന്ന ഡ്രൈവർക്ക്, കോ-ഡ്രൈവറി(Navigator)ലുള്ള പോലത്തെ വിശ്വാ സമാണ്. കണ്ണും കാതും തുറന്ന്, ജാഗ്രതയുള്ള, സംഭാഷണങ്ങൾ നിറഞ്ഞ വിശ്വാസമാണത്. പരിചിതമല്ലാത്ത, പ്രതിബന്ധങ്ങൾ നിറഞ്ഞ വഴികളിലൂടെയുള്ള യാത്രയാണത്. സംശയങ്ങൾ നിരവധിയാണ്. ഡ്രൈവറും കോ-ഡ്രൈവറും തമ്മിലുള്ള സംഭാഷണങ്ങളാണ്. ആ യാത്രയെ നയിക്കുന്നത്. ഇന്ന് മാതാപിതാക്കൾ ചോദിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഇതാണ് - മക്കൾക്ക് അവരുടെ ജീവിതയാത്രയിൽ സംശയങ്ങൾ ചോദിക്കാൻ ഒരു കോ-ഡ്രൈവർ ഉണ്ടോ? തങ്ങൾ മക്കൾക്ക് പ്രാപ്യരാണോ? ഇന്നത്തെ ചെറുപ്പക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി അവർക്കു വേണ്ടി സമയവും അറിവും അനുഭവവും പങ്കിടുന്ന റഫറൻസ് പേഴ്സൺസ് ഇല്ല എന്നതാണ്.

പ്രശ്നങ്ങൾ (ചിലപ്പോൾ ചില ജോലികളും വ്യക്തികളും) ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ, യേശു, കാഴ്ചയിൽ നിന്നും മറയുംവിധം, അവ നമ്മുടെ ചിന്തകളിൽ പർവ്വതീകരിക്കപ്പെടുന്നുണ്ടോ? ഈ മലയോട് മാറിപ്പോവുക എന്നു പറയേണ്ടതിന്റെ സാംഗത്യം ഇതാണ്. യേശുവിനെ നിന്റെ കാഴ്ചയിൽ നിന്ന് മറക്കുന്ന ഒന്നും നിന്റെ മുമ്പിൽ ഉണ്ടാകാതിരിക്കട്ടെ. പത്രോസ് വെള്ളത്തിന് മുകളിലൂടെ യേശുവിന്റെ അടുത്തേക്ക് നടക്കാനാരംഭിച്ചു. എന്നാൽ കാറ്റ് ആഞ്ഞടിച്ചതോടെ അവന്റെ ചിന്തകളിൽ നിന്ന് യേശു അപ്രത്യക്ഷനായി. മനസിനെ ഭയം കീഴ്പ്പെടുത്തി. അവൻ വെള്ളത്തിൽ മുങ്ങിത്താഴാനാരംഭിച്ചു. കാറ്റല്ല പത്രോസിനെ വീഴ്ത്തിയത്. യേശുവിനും അവനുമിടയിൽ, അവന്റെ കാഴ്ച മറക്കാൻ പാകത്തിന് സൃഷ്ടിക്കപ്പെട്ട ഭയമെന്ന മലയാണ്. ഇത്തരം മലകളെയാണ് വിശ്വാസത്തിന്റെ ഉപ്പിൽ നാം മാറ്റേണ്ടത്. രണ്ടാം punic യുദ്ധത്തിൽ സൈന്യാധിപനായിരുന്ന Hanibal നെ പറ്റി കേട്ടിട്ടുണ്ട്. ഇറ്റലി കീഴടക്കാനായി മുന്നോട്ടു നീങ്ങിയ Hanibal ന്റെ സൈന്യത്തിനു മുന്നിൽ ഇനി തടസ്സമായുള്ളത് അഹുപ പർവ്വതനിരകൾ മാത്രമാണ്. അപകടങ്ങൾ പതിയിരിക്കുന്ന, കാഠിന്യം നിറഞ്ഞ, ഉത്തുംഗശൃംഗങ്ങളായ പർവ്വതനിരകൾ നേർക്കുനേർ കണ്ടതോടെ പിന്നോട്ടു തിരിയുന്ന സൈന്യത്തിന് പ്രചോദനമായി Hanibal ന്റെ വാക്കുകൾ : നമുക്കു മുന്നിൽ നാം മലകൾ കാണുന്നില്ല. മുന്നോട്ട്, രോഗങ്ങളും വേദനകളും ബുദ്ധിമുട്ടുകളും നമ്മുടെ ചിന്തകളിൽ നിറഞ്ഞ് യേശുവിനെ കൺമുമ്പിൽ നിന്ന് മാറ്റുമ്പോൾ, നമുക്കും പറയാം: ഭയത്തിന്റെയും വേദനകളുടെയും നിരാശകളുടെയും മലകൾ നാം കാണുന്നില്ല. മുന്നോട്ട്! നമ്മുടെ കണ്ണുകളിൽ യേശു വീണ്ടും തെളിയും.